# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 542

09.02.2016-ൽ
മറുപടിയ്ക്കുണ്ടായിരുന്നത്

## കിൻഫ്രായുടെ അപ്പാരൽ പാർക്ക്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | റാന്നി നിയോജകമണ്ഡലത്തിൽ കിൻഫ്രായുടെ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനായി എത്ര ഭൂമിയാണ് ലഭിച്ചിട്ടുള്ളത്; എന്നാണ് ഭൂമി ലഭ്യമായത്; ഇതിനായി പാട്ടത്തുക ഇനത്തിൽ സർക്കാരിൽ അടച്ചത് എത്ര തുക വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | എ) | റാന്നിയിൽ ആരംഭിക്കുന്ന അപ്പാരൽ പാർക്കിനായി 1.40558 ഏക്കർ സ്ഥലം പാട്ട വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്.22.10.2011 ന് പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് ലഭ്യമായി. പ്രസ്തുത ഭൂമിക്ക് വർഷം തോറും നൽകേണ്ട പാട്ടത്തുക 24,856/- രൂപയാണ്. ഇപ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള പാട്ടത്തുക അടച്ചിട്ടുണ്ട്. |
| ബി) | ഏതെങ്കിലും വർഷത്തെ പാട്ടത്തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ സഹിതം കാരണമെന്തെന്ന് വ്യക്തമാക്കാമോ; | ബി) | പാട്ടത്തുക അടക്കുന്നതിൽ കിൻഫ്ര വീഴ്ച വരുത്തിയിട്ടില്ല. |
| സി) | ഇവിടെ അപ്പാരൽ പാർക്ക് ഇനിയും ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | സി) | കുറഞ്ഞ വേതനത്തിൽ ജോലിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ല. |
| ഡി) | അപ്പാരൽ പാർക്ക് സാധ്യമാകുന്നില്ലെങ്കിൽ ഈ ഭൂമി ഉപയോഗിച്ച് മറ്റെന്തെങ്കിലും വ്യവസായം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഡി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 17.07.2014-ൽ കൂടിയ യോഗത്തിൽ കിൻഫ്ര മാനേജിങ് ഡയറക്ടർ ബഹു. സ്ഥലം എം.എൽ.എ -യുമായി കൂടി ആലോചിച്ച് ജനറൽ ഇൻഡസ്ട്രിയൽ പാർക്ക് എന്ന രീതിയിൽ വ്യവസായം ആരംഭിക്കുന്നതിന് യോജിച്ച |

| | | | |
|---|---|---|---|
| | | | സ്ഥലം കണ്ടെത്തുന്നതിനും അപ്പാരൽ പാർക്കിനായി കണ്ടെത്തിയ 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പി.പി.പി ആയി വ്യവസായം ആരംഭിക്കുവാൻ ഉപകരിക്കുമോ എന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ച് സിഡ്കോ മാനേജിങ് ഡയറക്ടർ ബഹു.എം.എൽ.എ യുമായി കൂടി ആലോചിച്ച് ശുപാർശ നൽകുവാനും തീരുമാനിച്ചു.<br>പ്രസ്തുത സ്ഥലത്ത് സിഡ്കോയെക്കൊണ്ട് പി.പി.പി. മാതൃകയിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരികയാണ്. |
| ഇ) | റാന്നിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി സ്ഥലം ചൂണ്ടിക്കാട്ടിയിട്ടും, ഇതേ വരെ ഇതിന്മേൽ യാതൊരു നടപടിയും കിൻഫ്രായുടെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പത്തനംതിട്ട ജില്ലയിൽ വ്യാവസായിക രംഗത്ത് ഏറെ മുന്നേറാൻ സാധിക്കുമായിരുന്ന ഈ രണ്ട് പ്രോജക്ടുകളും സമയബന്ധിതമായി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല;<br>ബഹു. എം.എൽ.എ 09.10.2015 ന് കിൻഫ്രയ്ക്ക് നൽകിയ കത്തിൽ റാന്നി താലൂക്കിൽ പെരിനാട് വില്ലേജിലുള്ള കാവനാലിൽ 100 ലധികം ഏക്കർ ഭൂമി ഇതിന് അനുയോജ്യമാണെന്നും ഈ ഭൂമി വ്യവസായ പാർക്കിനായി ഏറ്റെടുക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബഹു. എം.എൽ.എ യുമായി കൂടി ആലോചിച്ച ശേഷം കിൻഫ്രയുടെ സാങ്കേതിക ടീമിനെ നിർദ്ദിഷ്ട ഭൂമി പരിശോധന നടത്തുന്നതിന് നിയോഗിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**